കണക്ഷൻ നൽകുന്നതിന് ആവശ്യമായി വരുന്നചെലവ് കമ്പനി വഹിക്കേണ്ടതാണ്.

- വിൽപ്പന നികുതിയിനത്തിൽ കുടിശ്ശികയായ തുക 207 ലക്ഷം രൂപയിൽ സെറ്റിൽ ചെയ്യുന്നതിന് അനുവദിച്ചു.

- ഭൂപരിഷ്കരണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ജില്ലാ കളക്ടർ ഏറ്റെടുത്ത അധിക ഭൂമി മന്ത്രിസഭയുടെ അനുവാദത്തോടുകൂടി വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് കമ്പനിയെ അനുവദിക്കാൻ തീരുമാനിച്ചു.

കമ്പനിക്ക് നൽകുന്ന ആനുകൂല്യങ്ങൾ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കാൻ മാനേജ്മെന്റ് എടുക്കുന്ന നടപടികൾക്ക് വിധേയമായിരിക്കും.

(സി) കമ്പനിയുടെ തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന ശമ്പള കുടിശ്ശിക, ഗ്രാറ്റുവിറ്റി, കോമ്പൻസേഷൻ തുടങ്ങിയവ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് മുൻകൈ എടുത്ത് ഒരു ത്രികക്ഷി കരാറിൽ ഒപ്പുവച്ചു. അതിലൂടെ ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന കുടിശ്ശികകൾ ലഭിക്കുന്നതിന് വഴിയൊരുങ്ങി.

(ഡി) കമ്പനിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. കമ്പനിയുടെ ഉൽപ്പാദനത്തിന്റെ ട്രയൽ റൺ വിഷുവിന് ആരംഭിക്കാൻ കഴിയുമെന്ന് കമ്പനി അധികൃതർ ഗവൺമെന്റിന് ഉറപ്പ് നൽകിയിട്ടുണ്ട്.

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ

148 (2178) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെയാണ് ലാഭകരമാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് നവീകരണം നടപ്പാക്കിയിട്ടുള്ളത് ;

(ഡി) ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06 സാമ്പത്തിക വർഷം) വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 22 പൊതുമേഖലാ സ്ഥാപനങ്ങൾ 2009-10 കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി)

Sl. No.	Company
1.	Kerala State Drugs & Pharmaceuticals Ltd.
2.	The Travancore Cements Ltd.
3.	Travancore Titanium Products Ltd.
4.	The Kerala Ceramics Ltd.
5.	Kerala Small Industries Development Corporation Ltd.
6.	Kerala Electrical & Allied Engineering Company Ltd.
7.	Traco Cable Company Ltd.
8.	United Electrical Industries Ltd.
9.	Keltron Component Complex Ltd.
10.	Kerala State Electronic Developent Corp.
11	Autokast Ltd.
12.	Kerala Automobiles Ltd.
13.	Steel Complex Ltd.
14.	Steel Industrials Kerala Ltd.
15.	The Metal Industries Ltd.
16.	Alleppey Co-operative Spinning Mills
17.	Kerala State Textile Corporation Ltd.
18.	The Trichur Co-operative Spinning Mills Ltd.
19.	Handicrafts Dev Corp. (Kerala) Ltd.
20.	Kerala State Bamboo Corporation Ltd.
21.	Kerala State Handloom Dev. Corp. Ltd.
22.	Kerala Artisans Development Corporation Ltd.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) നവീകരണം നടപ്പിലാക്കിയ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. *

പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ

149 (2179) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ബാബു പോൾ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എത്ര പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചു ; ഇനി എത്രയെണ്ണം ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ വ്യവസായങ്ങളുടെ മൊത്തം മുതൽമുടക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇവയിലും അനുബന്ധങ്ങളിലുമായി എത്ര തൊഴിൽ അവസരങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം?

ഉത്തരം

(എ) 2011 ജനുവരി മാസത്തിൽ 6 പുതിയ പൊതുഖേലാ യൂണിറ്റുകൾ ആരംഭിച്ചു. ഫെബ്രുവരി മാസത്തിൽ താഴെപ്പറയുന്ന 4 പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ 4 പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. Kerala Small Industries Development Corporation Limited.
2. Kerala State Textile Corporation Ltd.
3. Kerala State Industrial Enterprised Limited.
4. Kerala State Bamboo Corporation Ltd.

(ബി) ഈ വ്യവസായങ്ങൾക്ക് മൊത്തം 170 കോടി രൂപയുടെ മുതൽ മുടക്കാണ് കണക്കാക്കിയിരിക്കുന്നത്.

(സി) നേരിട്ട് 1919 തെഴിലവസരങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly